ഉത്തരം

(എ) നിലവിൽ ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിന്റെ അധികാര പരിധിയിലുള്ള പ്രശ്നങ്ങൾ, അതായത് മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് എന്നീ ജില്ലകളും, തൃശ്ശൂർ ജില്ലയുടെ ഒരു ഭാഗവും എറണാകുളം ജില്ലയുടെ ഫോർട്ടു കൊച്ചി പ്രദേശവുമാണ് മലബാർ ദേവസ്വം ബില്ലിന്റെ പരിധിയിൽ വരുന്നത്.

(ബി) ഉണ്ട്.

(സി) മലബാർ ദേവസ്വം ബിൽ നിയമസഭയുടെ സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്. സെലക്ട് കമ്മിറ്റിയുടെ തെളിവെടുപ്പ് കഴിഞ്ഞ് റിപ്പോർട്ടു സമർപ്പിച്ചശേഷം സഭ പ്രസ്തുത റിപ്പോർട്ടും ബില്ലും പരിഗണിച്ച് തീരുമാനമെടുക്കുന്നതാണ്.

ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങൾ

55 (2503) ശ്രീ. എൻ. ശക്തൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കീഴിൽ എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്നറിയിക്കാമോ ;

(ബി) വളരെ ശോച്യാവസ്ഥയിലുള്ള ക്ഷേത്രങ്ങളെ പുനരുദ്ധരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ 1207 ക്ഷേത്രങ്ങളും കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിൽ 390 ക്ഷേത്രങ്ങളും ഉണ്ട്.

(ബി) ഫണ്ടിന്റെ ലഭ്യതക്ക് അനുസരിച്ച് ദേവസ്വം ബോർഡുകൾ നേരിടും. ക്ഷേത്ര ക്ഷേമ സമിതികൾ മുഖേനയും ശോച്യാവസ്ഥയിലുള്ള ക്ഷേത്രങ്ങൾ പുനഃരുദ്ധരിക്കുന്നുണ്ട്.

എച്ച്. ആർ. ഇ. കമ്മീഷണറിൽനിന്നും സാമ്പത്തിക സഹായം തേടുന്ന ക്ഷേത്രങ്ങൾ

56 (2504) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പനങ്ങാട്, നന്മമണ്ട, ബാലുശ്ശേരി, ഉള്ള്യേരി, അത്തോളി, തലകുളത്തൂർ, എലത്തൂർ പഞ്ചായത്തുകളിലെ ഏതെങ്കിലും ക്ഷേത്രത്തിന് ഗവൺമെന്റിൽനിന്നോ എച്ച്. ആർ. ഇ കമ്മീഷണറിൽ നിന്നോ എന്തെങ്കിലും സാമ്പത്തിക സഹായം നൽകി വരുന്നുണ്ടോ ; എങ്കിൽ സംഖ്യയും ക്ഷേത്രങ്ങളുടെ പേരും അടങ്ങുന്ന ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) അത്തരം സാമ്പത്തികസഹായം നൽകുന്നത് ഏത് മാനദണ്ഡം അനുസരിച്ചാണ് എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണം, അറ്റകുറ്റപണി എന്നിവയ്ക്കായി സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും സഹായധനം നൽകുന്നുണ്ട്. തുക നൽകിയ ക്ഷേത്രങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) ജീർണ്ണോദ്ധാരണം/അറ്റകുറ്റപ്പണി എന്നിവയ്ക്ക് ഗ്രാന്റ് നൽകുന്നത് ഇതിനായി സർക്കാർ രൂപവൽക്കരിക്കുന്ന ഗ്രാന്റ് വിതരണ കമ്മിറ്റിയുടെ നിർദ്ദേശം അനുസരിച്ചാണ്. വരുമാനമില്ലാത്ത ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുവേണ്ടി വരുന്ന സംഖ്യയുടെ 30% ക്ഷേത്ര ഫണ്ടിൽനിന്നും, ബാക്കി 70% സർക്കാർ ഇതിനായി നൽകുന്ന ഗ്രാന്റിൽനിന്നും വഹിക്കുന്നു.

കാർഷിക രംഗത്ത് ബയോടെക്നോളജിയുടെ പ്രയോഗം

57 (2505) ശ്രീ. എ. സുജനപാൽ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. അച്ചുതൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോളവൽക്കരണത്തിന്റെ വെളിച്ചത്തിൽ കാർഷിക മേഖലയെ ഏതെല്ലാം വിധത്തിൽ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വെളിപ്പെടുത്തുമോ ;

(ബി) കാർഷിക രംഗത്ത് ബയോടെക്നോളജിയുടെ പ്രയോഗത്തെപ്പറ്റി പഠിച്ച് റിപ്പോർട്ട് ചെയ്യുവാൻ ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ആഗോളവൽക്കരണത്തിന്റെ വെളിച്ചത്തിൽ കാർഷിക മേഖലയെ നവീകരിക്കുവാൻ എം. എസ്. സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

1. പച്ചക്കറികൾ, ഏത്തയ്ക്കാ, കൈതച്ചക്ക, ഉപ്പേരി എന്നീ ഉല്പന്നങ്ങളുടെ കയറ്റുമതിക്കായി തിരുവനന്തപുരം മുതൽ പാലക്കാടു വരെ വ്യാപിച്ചുകിടക്കുന്ന സംസ്ഥാനത്തെ 9 ജില്ലകളിൽ അഗ്രികൾച്ചർ എക്സ്പോർട്ട് സോൺ സ്ഥാപിക്കുന്നതിനു ഈ സാമ്പത്തികവർഷം 287 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly